Santhigiri

# ഉമ്മിണിതങ്കം

VOL 02 | ISSUE 52 | 2016 ഒക്ടോബർ 30 | 1192 തുലാം 14

Newspaper published from Santhigiri Ashram | For Private Circulation Only | www.santhigiriashram.org | തിരുവനന്തപുരം റൂറൽ

### ഗുരുവാണി

"മനുഷ്യജീവിതത്തിന്റെ തുടക്കം എവിടെനിന്നുമാണ്? അവസാനം നാം എവിടെയാണ്? മനുഷ്യ ജീവിതംകൊണ്ട് എന്താണ് സമ്പാദിക്കേണ്ടത്? അല്ലെങ്കിൽ നമ്മൾ ഈ ജീവിതം ആരംഭിച്ചിരിക്കുന്നത് എന്തറിവോളം എത്തിയതിനു ശേഷമാണ്? ഇന്ന് എന്തറിവിലെത്തിനില്ക്കുന്നു? ഈ അറിവ് ആദ്യം സങ്കല്പിച്ചറിയുക. അതല്ല അതിനു കഴിവില്ലെങ്കിൽ, കഴിവുള്ള ഒരാളെ (ഗുരുവെ) കണ്ടുപിടിച്ച് അദ്ദേഹത്തിന്റെ പുറകിൽ പോയി നിന്ന്, കണ്ട് പരിചയപ്പെട്ട് അറിയുക."

## സാംസ്കാരികദിനം നവംബർ 5 ന് ആഘോഷിക്കും

**സ്പിരിചൽ സോൺ:** നവംബർ അഞ്ചിന് ആശ്രമത്തിൽ സാംസ്കാരികദിനം ആഘോഷിക്കുന്നു. വിപുലമായ ആഘോഷ പരിപാടികളാണ് ശാന്തിഗിരി ആർട്സ് ആന്റ് കൾച്ചർ ഡിപ്പാർട്ട്മെന്റിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ചിരിക്കുന്നത്. വിവിധ സാംസ്കാരിക ഡിവിഷനുകളായ ശാന്തിഗിരി വിശ്വസാംസ്കാരിക നവോത്ഥാനകേന്ദ്രം, ശാന്തിഗിരി മാതൃമണ്ഡലം, ശാന്തിഗിരി ശാന്തിമഹിമ, ശാന്തിഗിരി ഗുരുമഹിമ, ശാന്തിഗിരി ഗൃഹസ്ഥാശ്രമസംഘം, ശാന്തിഗിരി വിശ്വസംസ്കൃതി കലാരംഗം, ശാന്തിഗിരി രക്ഷാകർത്തൃസമിതി എന്നിവയുടെ സംയുക്താഭിമുഖ്യത്തിലാണ് പരിപാടികൾ നടക്കുക.

രാവിലെ അഞ്ചു മണിക്കുള്ള ആരാധനയ്ക്കുശേഷം സഹകരണമന്ദിരത്തിൽ വിളക്ക് തെളിയിക്കൽ, ആറു മണിക്ക് ധ്വജാരോഹണം, ആരാധന, പ്രസാദവിതരണം, ഉച്ചയ്ക്ക് ആരാധന, ഗുരുപൂജ, വിവിധ ഡിവിഷനുകളുടെ നേതൃത്വത്തിൽ ഗുരുവിന് തട്ടം സമർപ്പണം എന്നിവയാണ് സാംസ്കാരികദിനത്തിലെ പ്രധാന ചടങ്ങുകൾ. 1984 നവംബർ അഞ്ചിന് വിശ്വസാംസ്കാരിക നവോത്ഥാനകേന്ദ്രം രൂപീകൃതമായതിന്റെ വാർഷികമാണ് എല്ലാ വർഷവും ആശ്രമത്തിൽ സാംസ്കാരികദിനമായി ആഘോഷിക്കുന്നത്. എല്ലാ ആശ്രമം ബ്രാഞ്ചുകളിലും പ്രത്യേക പ്രാർത്ഥനാസങ്കല്പങ്ങളോടെ സാംസ്കാരികദിനം ആഘോഷിക്കുന്നതാണ്.

നിലവിലിരിക്കുന്ന നിഷേധാത്മകമായ സംസ്കാരത്തിൽ നിന്ന് ഏകദൈവവിശ്വാസവും മാനവികതയും ഉൾച്ചേർന്ന ഒരു നവീന സംസ്കാരത്തിന്റെ വളർച്ചയും വികാസവും ലക്ഷ്യമിട്ടാണ് ഗുരു സാംസ്കാരിക ദിനാചരണത്തിന് അനുമതി നല്കിയത്.

ലോകത്ത് ഇന്നു കാണുന്ന എല്ലാവിധ കെടുതികൾക്കും ധർമച്യുതികൾക്കും മാത്സര്യങ്ങൾക്കും വിദ്വേഷങ്ങൾക്കും അസാംസ്കാരികതകൾക്കുമൊക്കെ ഒരേ ഒരു പ്രതിവിധി നമ്മുടെ സാംസ്കാരികരംഗം ആയിരിക്കുമെന്നും സമയമെത്തുമ്പോൾ ലോക ജനപദങ്ങളും ഗവൺമെന്റുകളും സാംസ്കാരിക, പൊതുജന പ്രസ്ഥാനങ്ങളും നമ്മുടെ സാംസ്കാരിക പ്രസ്ഥാനത്തെ അംഗീകരിച്ച് സ്വീകരിക്കുമെന്നും ഗുരു അരുളിച്ചെയ്തിട്ടുണ്ട്.

## ഗുരുവിന്റെ ജീവചരിത്രസംഗ്രഹം ഇംഗ്ലീഷ് പരിഭാഷ പ്രകാശനം ചെയ്തു



*ഗുരുവിന്റെ ജീവചരിത്രസംഗ്രഹത്തിന്റെ ഇംഗ്ലീഷ് പരിഭാഷ ബ്രിട്ടീഷ് മുൻമന്ത്രി സ്റ്റീഫൻ ടിംസ് എം.പി. ലണ്ടനിൽ പ്രകാശനം ചെയ്യുന്നു*

**ലണ്ടൻ:** നവജ്യോതിശ്രീകരുണാകരഗുരു ജാതിമതങ്ങൾ ഇല്ലാത്ത സമൂഹത്തിനു വേണ്ടി ജീവിച്ച മഹാത്മാവ് ആയിരുന്നുവെന്ന് മുൻ ബ്രിട്ടീഷ് മന്ത്രിയും ഈസ്റ്റ് ഹാം എം.പി.യുമായ സ്റ്റീഫൻ ടിംസ് അഭിപ്രായപ്പെട്ടു. ബ്രിട്ടീഷ് പാർലമെന്റിൽ നടന്ന ചടങ്ങിൽ ഗുരുവിന്റെ ജീവചരിത്രസംഗ്രഹത്തിന്റെ ഇംഗ്ലീഷ് പരിഭാഷയുടെ പ്രകാശനവും ഗുരുവിന്റെ നവതി ആഘോഷങ്ങളുടെ ആഗോള പ്രചാരണ പരിപാടികളുടെ ഉദ്ഘാടനവും നിർവഹിക്കുകയായിരുന്നു അദ്ദേഹം.

ഈസ്റ്റ് ഹാം കൗൺസിലർ ജോസ് അലക്സാണ്ടർ അദ്ധ്യക്ഷത വഹിച്ച ചടങ്ങിൽ മുഖ്യാതിഥിയായി വീരേന്ദ്ര ശർമ്മ, ക്രോയ്ഡൻ മുൻ മേയർ മഞ്ജു ഷാഹുൽ ഹമീദ്, ഇന്ത്യൻ ഹൈക്കമീഷനിലെ ഫസ്റ്റ് സെക്രട്ടറി രാമസ്വാമി ബാലാജി, കോഡിനേഷൻ മിനിസ്റ്റർ എ.ആർ. രാജ എന്നിവർക്കു പുറമെ ശാന്തിഗിരി ആശ്രമത്തിലെ സന്ന്യാസിമാരായ സ്വാമി ഗുരുമിത്രൻ ജ്ഞാനതപസ്വി, സ്വാമി സ്നേഹാത്മ ജ്ഞാനതപസ്വി, സ്വാമി ജനനന്മ ജ്ഞാനതപസ്വി തുടങ്ങിയവരും സംബന്ധിച്ചു.

## നവംബർ 1 കേരളപ്പിറവി




## ഡോ.വി. അരുണാചലം സി.സി.ഐ.എം. പ്രസിഡന്റ്



*ഡോ.വി.അരുണാചലം*

**ന്യൂഡൽഹി :** സെൻട്രൽ കൗൺസിൽ ഓഫ് ഇന്ത്യൻ മെഡിസിന്റെ പ്രസിഡെന്റായി ഡോ. വി.അരുണാചലം ചുമതലയേറ്റു. വൈസ് പ്രസിഡന്റായിരുന്ന അദ്ദേഹത്തെ പ്രസിഡന്റ് സ്ഥാനത്തേയ്ക്ക് കേന്ദ്ര ആയുഷ് മന്ത്രാലയം പരിഗണിക്കുകയായിരുന്നു. ഏറെക്കാലമായി സി.സി.ഐ.എംൽ സിദ്ധ വിഭാഗത്തെ പ്രതിനിധീകരിച്ച് സേവനമനുഷ്ഠിക്കുകയായിരുന്നു അദ്ദേഹം. ഇത് ആദ്യമായാണ് സിദ്ധ വിഭാഗത്തിലെ ഒരാൾ സിസി ഐഎം പ്രസിഡന്റാകുന്നത്.

തമിഴ്നാട്ടിലെ ഒരു കർഷക കുടുംബത്തിൽ ജനിച്ച അദ്ദേഹം പാളയംകോട്ട ഗവ.സിദ്ധ മെഡിക്കൽ കോളേജിൽ നിന്ന് ബിരുദാനന്തര ബിരുദം നേടിയ ശേഷം സിദ്ധ മെഡിക്കൽ ഓഫീസറായി ഔദ്യോഗിക ജീവിതം ആരംഭിച്ചു. പിന്നീട് അദ്ധ്യാപകനായും, ശാന്തിഗിരി സിദ്ധ മെഡിക്കൽ കോളേജിന്റെ പ്രിൻസിപ്പാളായും ദീർഘകാലം സേവനം അനുഷ്ഠിച്ചു. ശാന്തിഗിരി ഹെൽത്ത് കെയർ റിസർച്ച് ഓർഗനൈസേഷന്റെ മുഖ്യ ഉപദേഷ്ടാവ് ആയും പ്രവർത്തിച്ചു.

ചെന്നൈ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സിദ്ധയുടെ പ്രഥമ ഡയറക്ടർ സ്ഥാനം വഹിച്ചിരുന്ന ഡോ. അരുണാചലത്തിന്റെ നേതൃത്വത്തിൽ ധാരാളം തമിഴ് പുസ്തകങ്ങൾ ഇംഗ്ലീഷിലേയ്ക്ക് പരിവർത്തനം ചെയ്തിട്ടുണ്ട്. തമിഴ്നാട് എം ജി ആർ മെഡിക്കൽ യൂണിവേഴ്സിറ്റി, കേരള യൂണിവേഴ്സിറ്റി ഓഫ് ഹെൽത്ത് സയൻസ് എന്നിവയുമായി സഹകരിച്ചു ആഗോള തലത്തിൽ സിദ്ധയുടെ പ്രചരണത്തിനു വേണ്ടി അക്ഷീണം പ്രയത്നിച്ച ഡോ. അരുണാചലം ശാന്തിഗിരി സിദ്ധ റിസർച്ച് വിഭാഗം തയ്യാറാക്കി കൊണ്ടിരിക്കുന്ന സിദ്ധ നിഘണ്ടു (ഗ്ലോസറി ഓഫ് സിദ്ധ) എന്ന ബൃഹത് പുസ്തകത്തിന്റെ രചനയിലാണിപ്പോൾ.

ഗുരുചരണം ശരണം

മോഹനം ഒപ്റ്റിക്കൽസ്

കമ്പ്യൂട്ടറൈസ്ഡ് ഐ ടെസ്റ്റിംഗ് & കോൺടാക്ട് ലെൻസ് ക്ലിനിക്ക്
(ശാന്തിഗിരി സിദ്ധ മെഡിക്കൽ കോളേജ് ഗേറ്റിന് എതിർവശം)
ഫോൺ : 8089695320

## ഗുരുവാണി

നിങ്ങളുടെ കർമ്മം എന്തിന്റെ പാതയിൽ എത്തിച്ചുനിർത്തിയിരിക്കുകയാണ്? ദൈവത്തിനോട് പൊരുതുന്ന ശക്തികളെയാണ് നിങ്ങൾ സങ്കല്പിച്ചും പ്രവർത്തിച്ചും വരുത്തിയിരിക്കുന്നത്. ധർമ്മപാത ഒരിക്കലും കെട്ടിപ്പടുക്കാത്ത നിഷേധങ്ങളുടെ സൂക്തങ്ങൾ സൃഷ്ടിച്ചുവച്ചിരിക്കുകയാണ്. നിഷേധം പൂർണ്ണമായിട്ടും എടുത്തു കാണിക്കുന്ന വികൃതിയാണ് സകലതും. ഈ നീചവൃത്തി നിങ്ങൾ ഏതുവരെ സൂക്ഷിക്കുമോ അതുവരെ നിങ്ങൾക്കു നാശമാണ്. ഇതിൽ നിന്നുകൊണ്ട് ഒരിക്കലും നിങ്ങൾ രക്ഷപ്പെടാൻ പോകുന്നില്ല.

സവർണത്വമായും അവർണത്വമായും തിരിച്ചുവച്ച പുസ്തകജ്ഞാനം കർമദോഷത്തിന്റെ വേദപാരായണമാണ്. നിങ്ങൾ എന്തൊക്കെയോ ചെയ്യുന്നു. എന്താണ്? എന്തിനുവേണ്ടിയാണ് എന്നു ചോദിച്ചാൽ നിങ്ങൾക്ക് പറയാൻ അറിയാമോ? ഈ ഗതികേട് സംഭവിച്ച നിങ്ങൾ കർമഫലമായി എന്തു സമ്പാദിക്കും? ഒരിക്കലും നിങ്ങൾ ഒന്നുമാകാൻ പോകുന്നില്ല.

ഞാൻ നിങ്ങളെയോ നിങ്ങളുടെ പാരമ്പര്യത്തെയോ എന്നെയോ നന്നാക്കിയോ മോശപ്പെടുത്തിയോ പറയുകയല്ല. ഒരു വലിയ പഴക്കത്തിന്റെ ദോഷവശത്തെ അനുഭവിച്ചറിഞ്ഞതിന്റെ വേദനയാണ്. ആ ദോഷവശം എന്തെന്നു നിങ്ങൾക്കു മനസിലാകുന്നില്ലെങ്കിൽ വേദനയാണ്. ആ ദോഷവശം എന്തെന്നു നിങ്ങൾ മനസിലാക്കുന്നില്ലെങ്കിൽ അത് നിങ്ങളുടെ തലമുറകളോട് ചെയ്യുന്ന അക്രമമായിപ്പോകും. വലിയ വീടുകൾ എന്നു പറയുന്ന സകല വീടുകളിലും ഈ അക്രമം സംഭവിച്ചുകൊണ്ടിരിക്കുകയാണ്. ഞാൻ നേരിട്ടു കണ്ടിട്ടുള്ള പരിചയം വച്ചു ഞാനിതു പറയുകയാണ്.

അഹന്തയെ വിനയംകൊണ്ട് സാക്ഷാത്കരിച്ചു ധർമത്തെ നശിപ്പിക്കാൻ പോന്ന ഒരു കർമവും നിങ്ങൾ ചെയ്യരുത്, പ്രചരിപ്പിക്കരുത്. ദൈവത്തോട് സ്നേഹം തോന്നുന്ന ഏതെങ്കിലും മക്കളുണ്ടെങ്കിൽ അവരോട് പറയുന്ന എന്റെ വാക്കാണിത്. അവർക്ക് എന്റെ വേദന നന്നായി മനസിലാകും.

ആശയസമന്വയം എല്ലാവരും പറയുന്നുണ്ടല്ലോ. എന്തിനെക്കൊണ്ടാണ് ആശയസമന്വയം നടത്തേണ്ടത്? ഓരോ ആശയത്തിന്റെയും പാരമ്പര്യത്തിലുള്ള വൈരുദ്ധ്യങ്ങളും ദോഷങ്ങളും അതാതിന്റെ നിലയിൽത്തന്നെ സൂക്ഷിച്ചുകൊണ്ട് എങ്ങനെ ആശയ സമന്വയം നടത്താൻ കഴിയും? ധർമംകെട്ട കർമമില്ലാത്ത നീചവൃത്തി തുളുമ്പുന്ന കോമരങ്ങളാണ് ഓരോ വർഗവും. അവർ സ്വാമിപാദം ജയിക്കണമെന്ന് ആഗ്രഹിച്ചാൽ എങ്ങനെ ജയിക്കും? അങ്ങനെ ആഗ്രഹിക്കുന്നത് തന്നെ നീതികേടാണ്.

കാലം ഇതു കലിയാണ്. കലികാലം ഈ നീതികേട് നോക്കി നില്ക്കുകയില്ല. ഒലിച്ചുപോകേണ്ടത് ഒലിച്ചുപോകും. വരൾച്ചകൊണ്ടു സംഭവിക്കേണ്ടതെല്ലാം സംഭവിക്കും. കലിയുടെ നീതി നിങ്ങൾ പാലിക്കുന്നില്ല എന്നു കണ്ടാൽ അതു തികച്ചും നിങ്ങളെ നാശപ്പെടുത്തും. കർമം എന്നു പറയുന്നത് ഈ വാദകോലാഹലങ്ങളാണെന്നു നിങ്ങൾ ധരിക്കരുത്. ഈ കോലാഹലങ്ങളാണോ നിങ്ങളുടെ കുഞ്ഞുങ്ങളിലേക്കും പകർത്താൻ നിങ്ങൾ നോക്കുന്നത്? ഇതാണോ സാമൂഹ്യമായ നിങ്ങളുടെ പൂർണ്ണ ലക്ഷ്യം? പഴയ പാരമ്പര്യത്തിലേക്കു വരാൻ പരമ്പരയെ പഠിപ്പിച്ചാൽ അത് അവരുടെ ധർമബോധത്തിന്റെയും കർമശേഷിയുടെയും അസ്ഥിവാരം തോണ്ടലായിരിക്കും.

## വചനദീപ്തി

"സാന്ത്വന കൃപാസിന്ധോ, സമസ്ത ധർമ്മരക്ഷകാ, ഗുരോ! അപ്പാ! ഞങ്ങളുടെയും ഭൂലോകവാസികളുടെയും ഇന്നോളം ഉണ്ടായിട്ടുള്ള സമസ്ത തെറ്റും പൊറുക്കണേ!! "

**അനശ്വരവാണി**

## സ്പിരിച്വൽ സോൺ ഡ്യൂട്ടി ലിസ്റ്റ്

*2016 ഒക്ടോബർ 30 മുതൽ നവംബർ 5 വരെ*

| | |
|---|---|
| **ഞായർ** | **- പോത്തൻകോട്, പാലോട്ടുകോണം** |
| **തിങ്കൾ** | **- എല്ലാ ഏരിയകളും ചേർന്ന്** |
| **ചൊവ്വ** | **- ജ്യോതിപുരം** |
| **ബുധൻ** | **- ശാന്തിപുരം** |
| **വ്യാഴം** | **- കരുണപുരം** |
| **വെള്ളി** | **- ശാന്തിഗിരി ജംഗ്ഷൻ** |
| **ശനി** | **- ലക്ഷ്മിപുരം** |

## യാമപ്രാർത്ഥന

*2016 നവംബർ 3 വ്യാഴം*

**ശാന്തിഗിരി ജംഗ്ഷൻ, ലക്ഷ്മിപുരം, രത്നഗിരി**

# ഗുരുവിനോടുള്ള നിഷ്കളങ്കമായ സ്നേഹം

ഈശ്വരസാക്ഷാത്കാരത്തിന് അനവധി പടവുകൾ ഉണ്ട്. അതിന് സൂക്ഷ്മതലങ്ങളിൽക്കൂടിയും അവരവരുടെ വ്യക്തിത്വത്തിലെ ദ്വൈതാദ്വൈതഭാവങ്ങളിൽക്കൂടിയും കടന്നുപോകണം. ഓരോരുത്തരുടെയും ജീവിതചര്യകളിൽത്തന്നെ അനവധി പടവുകളുണ്ട്. ആ പടവുകളുടെ അവസ്ഥാന്തരങ്ങളുടെ ബാഹ്യമായ വശങ്ങളെക്കുറിച്ച് പല മഹാന്മാരും പല രീതിയിൽ എഴുതിയിട്ടുണ്ട്. അനുഭവമുള്ളവർ അനുഭവങ്ങളിൽക്കൂടിയും അറിഞ്ഞിട്ടുണ്ട്.

ആത്മനിവേദനമാണ് അനുഭവത്തിന്റെ സൗന്ദര്യം. ഒരു മനുഷ്യൻ ദേവനാകുന്നതെങ്ങനെ, ഋഷിയാകുന്നതെങ്ങനെ, ജീവന്റെ പ്രയാണചക്രം ത്രിമൂർത്തി അവസ്ഥയിലേക്കു കടക്കുമ്പോൾ അതായത് ഒരു ഭക്തനുമാത്രം കടക്കാവുന്ന സന്നിധാനങ്ങളിലേക്കു കടക്കുമ്പോൾ അവിടെ പ്രകാശത്തിന്റെ ചില മഹിമാതിരേകങ്ങൾ വരും. ആ പ്രകാശങ്ങളെയും കടന്നുപോകുന്നതെങ്ങനെ? അതിന് യുഗാന്തരപുരുഷന്മാരും യോഗീശ്വരന്മാരും സന്ന്യാസിമാരും സാധാരണക്കാരായ വ്യക്തിത്വങ്ങളും ഒരുപാട് വേദനകൾ അനുഭവിച്ചിട്ടുണ്ട്. ശ്രീകൃഷ്ണ പരമാത്മാവും ശ്രീശങ്കരനും നബിയും യേശുവും പറച്ചിപെറ്റ പന്തിരുകുലത്തിലെ മഹാന്മാരും മറ്റനവധി ആചാര്യന്മാരും ഈ വേദന അനുഭവിച്ചവരാണ്. ഒരു യഥാർത്ഥ ഗുരുവിന്റെ വാക്ക് അനുസരിക്കുക മാത്രമാണ് ഏക പോംവഴി.

ഒരു നൈഷ്ഠിക ബ്രഹ്മചാരി എന്താണ്, സന്ന്യാസി എന്താണ്, ഭക്തൻ എന്താണ്, യോഗി എന്താണ് എന്ന് ഈ പ്രകാശങ്ങളെക്കൊണ്ടും പ്രകാശങ്ങളുടെ ഗതികളെക്കൊണ്ടും തിരിച്ചറിയുന്നതാണ് ഗുരുമാർഗം. ഇത്തരം ശ്രേഷ്ഠതകളില്ലാതെ തന്നെ ഇതൊക്കെ തിരിച്ചറിയാം, അന്ധമായ വിശ്വാസവും പ്രാർത്ഥനയുടെ ഒരുമയും ഉണ്ടെങ്കിൽ. ഇതൊക്കെ തിരിച്ചറിഞ്ഞ് നിർന്നിമേഷരായി ഗുരുവിനെ പൂജിക്കുന്ന എത്ര ഗൃഹസ്ഥാശ്രമികൾ ശാന്തിഗിരിയിൽ ഉണ്ട്. ഒരു കളങ്കവുമില്ലാതെ ലയനാത്മകമായ പ്രകാശത്തിൽ എത്തിച്ചേരാൻ ആർക്കും കഴിയില്ല. എന്നാൽ കാലങ്ങളെ കണ്ടു തെളിഞ്ഞു നില്ക്കുന്ന ഗുരുവിനോടുള്ള നിഷ്കളങ്കമായ സ്നേഹം ഒന്നുകൊണ്ടുമാത്രം ചിട്ടയായ ഭക്തിയോ ഇച്ഛാനുസരണമായ ജീവിതക്രമങ്ങളോ ഇല്ലാത്ത സാധാരണക്കാരന് പ്രകാശത്തിന്റെ മഹിമാതിരേകങ്ങളിലൂടെ കടന്നുപോകാൻ സാധിക്കും.

**(ദൈവസ്നേഹം പങ്കുവയ്ക്കുന്ന നിമിഷാർദ്ധങ്ങൾ-<br>അഭിവന്ദ്യ ശിഷ്യപൂജിതയുടെ പ്രഭാഷണത്തിൽ നിന്ന്)**

# നവംബർ 5, സാംസ്കാരികദിനം

1983 നവംബർ 5 ന് ശാന്തിഗിരി വിശ്വസാംസ്കാരിക നവോത്ഥാനകേന്ദ്രം ഗുരുവിന്റെ ഇച്ഛപ്രകാരം അന്നത്തെ കേരള മുഖ്യമന്ത്രി ശ്രീ കെ. കരുണാകരൻ തിരുവനന്തപുരം വി.ജെ.ടി. ഹാളിൽ വച്ച് ഉദ്ഘാടനം നിർവ്വഹിച്ചു. 1984 മെയ് 9 മുതൽ സംഘടന നാട്ടിൽ പ്രവർത്തനമാരംഭിച്ചു. ശാന്തിഗിരി സാംസ്കാരിക പ്രസ്ഥാനം സമാരംഭിക്കുന്നതിനും മൂന്ന് വർഷം മുമ്പ് മുതൽ ഗുരു നിരന്തരം സാംസ്കാരിക പ്രവർത്തനങ്ങളെക്കുറിച്ച് ആദ്യകാല പ്രവർത്തകരോട് സംസാരിക്കുമായിരുന്നു. അവരെക്കൊണ്ട് ഒരു നിഷ്ഠപോലെ പ്രാർത്ഥനാസങ്കല്പങ്ങൾ ചെയ്യിക്കുകയും ചെയ്തിരുന്നു. 1987 വരെ ദേശീയ സാംസ്കാരിക നവോത്ഥാനകേന്ദ്രമായിരുന്ന നമ്മുടെ സാംസ്കാരിക പ്രസ്ഥാനത്തിന് ഗുരു ശാന്തിഗിരി വിശ്വസാംസ്കാരിക നവോത്ഥാനകേന്ദ്രം എന്ന് പുനർനാമകരണം ചെയ്തു. ആ വർഷം മുതൽ പ്രസ്ഥാനത്തിന് വാർഷികദിനം ആഘോഷിക്കണം എന്ന ആശയം ഗുരുമുഖത്തുനിന്നുതന്നെയാണ് ഉണ്ടായത്. ആഘോഷദിനം പ്രസ്ഥാനത്തിന്റെ ഉദ്ഘാടനദിനമായ നവംബർ 5 എന്ന് നിശ്ചയിച്ചതും ഗുരു തന്നെയാണ്. ഇത്രയും സവിശേഷമായ ഒരു പ്രാധാന്യമാണ് നവംബർ 5 നുള്ളത്. ലോകത്ത് ഇന്നു കാണുന്ന എല്ലാവിധ കെടുതികൾക്കും ധർമച്യുതിക്കും മാത്സര്യങ്ങൾക്കും വിദ്വേഷങ്ങൾക്കും അസാംസ്കാരികതകൾക്കുമൊക്കെ ഒരേ ഒരു പ്രതിവിധി നമ്മുടെ സാംസ്കാരികരംഗം ആയിരിക്കുമെന്ന് ഗുരു ആദിമഘട്ടത്തിൽ തന്നെ പ്രവചനം ചെയ്തിട്ടുണ്ട്. സമയമെത്തുമ്പോൾ ലോകജനപദങ്ങളും ഗവൺമെന്റുകളും സാംസ്കാരിക പൊതുജന പ്രസ്ഥാനങ്ങളും നമ്മുടെ സാംസ്കാരിക പ്രസ്ഥാനത്തെ അംഗീകരിച്ച് സ്വീകരിക്കുമെന്നും ഗുരു പ്രവചനം ചെയ്തിട്ടുണ്ട്.

അനന്തരം വനിതകൾക്ക് സ്വതന്ത്രമായി പ്രവർത്തിക്കുന്നതിനുവേണ്ടി ശാന്തിഗിരി മാതൃമണ്ഡലവും, യുവാക്കൾക്ക് വേണ്ടി ശാന്തിഗിരി ശാന്തിമഹിമയും, യുവതികൾക്ക് വേണ്ടി ശാന്തിഗിരി ഗുരുമഹിമയും, ശാന്തിഗിരി പൊതുസമൂഹത്തിന് വേണ്ടി ശാന്തിഗിരി ഗൃഹസ്ഥാശ്രമസംഘവും, കലാരംഗം പോഷിപ്പിക്കുന്നതിനുവേണ്ടി ശാന്തിഗിരി വിശ്വസംസ്കൃതി കലാരംഗവും ഗുരു രൂപീകരിച്ചു. കുട്ടികൾക്കുവേണ്ടി ശാന്തിഗിരി ഗുരുകാന്തിയും, ഗുരുധർമ പ്രകാശസഭയിലെ അംഗങ്ങളുടെ രക്ഷകർത്താക്കൾക്ക് ക്ഷേമപ്രവർത്തനം എത്തിക്കുന്നതിനു വേണ്ടി ശാന്തിഗിരി രക്ഷാകർതൃസമിതിയും ഗുരുവിന്റെ ശിഷ്യപൂജിതയുടെ നിശ്ചയപ്രകാരം രൂപീകൃതമായി. ഈ പ്രസ്ഥാനങ്ങളുടെ ആവിർഭാവത്തോടെ, നവംബർ 5 പൊതു സാംസ്കാരികദിനമായി മാറി. 2008 ജനുവരിയിൽ ശാന്തിഗിരി ആർട്സ് & കൾച്ചർ ഡിപ്പാർട്ട്മെന്റ് രൂപീകരിക്കുകയും സ്വതന്ത്രമായി പ്രവർത്തിച്ചിരുന്ന സാംസ്കാരിക പ്രസ്ഥാനങ്ങളെ ഡിവിഷനുകളാക്കി ഉൾപ്പെടുത്തുകയും ചെയ്തു.

ദൈവത്തിൽ നിന്ന് നേരിട്ട് ഒരു സാംസ്കാരിക വിഭാവന! അത്തരമൊരു സാംസ്കാരിക പ്രസ്ഥാനം ലോകത്ത് ഇദംപ്രഥമവും അപൂർവ്വങ്ങളിൽ അപൂർവ്വവുമാണ്. ശാന്തിഗിരി ആർട്സ് & കൾച്ചർ കേരളത്തിലും ഇന്ത്യയിലും മാത്രമല്ല, വിശ്വത്തിലാകെ ബ്രഹ്മത്തിന്റെ ധർമപ്രകാശം നടപ്പിലാക്കുന്ന അത്യന്തം ശ്രേഷ്ഠവും വിശുദ്ധവുമായ ഒരു പ്രസ്ഥാനമാണ്. ഇതിൽ പ്രവർത്തിക്കുക എന്നത് കാലാതീതമായ ഒരു പുണ്യപ്രവൃത്തിയാണ്. അനവധി യാഗങ്ങൾ നടത്തിയാൽ കൈവരുന്ന പുണ്യവും അക്ഷയമായ ഭാഗ്യവും ഇതിൽ ഭാഗഭാക്കാകുന്ന ഓരോരുത്തർക്കും ലഭിക്കും എന്നുള്ളതാണ് ചിരന്തനമായ ഇതിന്റെ ഫലശ്രുതി. ഇതിൽ പങ്കാളിയായിക്കൊണ്ട് ഒരു പ്രവർത്തനം കാഴ്ചവെക്കുക എന്നത് ദൈവസേവ ചെയ്യുന്നതിന് തുല്യമാണ്. ദീർഘനാളത്തെ പ്രാർത്ഥനയുടെ പുണ്യം കരഗതമാക്കാൻ നിരാസ്പദമായ ഈ പ്രവൃത്തിയിലൂടെ കഴിയും എന്നത് നിസ്തർക്കമാണ്.

'നിങ്ങളുടെ എല്ലാവിധ രോഗങ്ങൾക്കും എല്ലാവിധ ദുരിതങ്ങൾക്കും എല്ലാവിധ വിഷമതകൾക്കും ശാന്തിയും, സർവ്വവിധ ഐശ്വര്യവും എന്നെ പ്രാർത്ഥിക്കുന്നതിലൂടെ നിങ്ങൾക്ക് ലഭിക്കും' എന്ന ജാതിമത വർഗദേശഭേദമില്ലാതെ മാനവരാശിയോടുള്ള ഗുരുവിന്റെ വാഗ്ദാനം ഒരു വലബന്ധി പോലെ ഈ സാംസ്കാരിക പ്രവർത്തനം ഏറ്റെടുക്കുന്നതിലൂടെ ഏവർക്കും കരഗതമാകട്ടെ.

# വിദ്യാഭവൻ സ്കൂൾ കലോത്സവം



*ശാന്തിഗിരി വിദ്യാഭവൻ സീനിയർ സെക്കന്ററി സ്കൂൾ കലോത്സവം സ്വാമി ചൈതന്യ ജ്ഞാനതപസ്വി ഉദ്ഘാടനം ചെയ്യുന്നു*

**എജ്യൂക്കേഷൻ സോൺ:** ശാന്തിഗിരി വിദ്യാഭവൻ സീനിയർ സെക്കന്ററി സ്കൂൾ കലോത്സവം ഒക്ടോബർ 27 ന് സർവാദരണീയ സ്വാമി ചൈതന്യ ജ്ഞാനതപസ്വി ഉദ്ഘാടനം ചെയ്തു. കലാരംഗത്തെ ഇന്നത്തെ അപചയം ഗുരുവിലൂടെ തിരുത്ത് വന്ന് ലോകത്തിന്റെ നന്മയ്ക്ക് ഉതകണമെന്ന് സർവാദരണീയ സ്വാമി പറഞ്ഞു. നിലവിലുള്ള സാംസ്കാരിക അധ:പതനത്തിനുള്ള പരിഹാരം ശാന്തിഗിരി വിദ്യാഭവന് നല്കാൻ സാധിക്കണം. ശാന്തിഗിരി വിദ്യാഭവന്റെ ന്യൂസ് ലെറ്റർ 'ജനസ്തുതി'യുടെ പ്രകാശനം ആദരണീയ ജനനി കൃപ ജ്ഞാനതപസ്വിനിക്ക് നല്കിക്കൊണ്ട് സ്വാമി നിർവഹിച്ചു. പ്രശസ്ത പിന്നണി ഗായകൻ അരുൺ രാജ് ചടങ്ങിൽ ഗാനാലപനം നടത്തി. ആദരണീയ സ്വാമി പ്രണവശുദ്ധൻ ജ്ഞാനതപസ്വി അദ്ധ്യക്ഷത വഹിച്ച ചടങ്ങിൽ എ. രാധമ്മ, ഡി. പ്രദീപ് കുമാർ, ഇ.കെ. ഷാജി, പത്മജകുമാരി, സ്കൂൾ ലീഡർ അരവിന്ദ് രമേശ് തുടങ്ങിയവർ സംസാരിച്ചു. കലാമത്സരത്തിലെ വിജയികൾക്ക് ആദരണീയ സ്വാമി ജ്ഞാനദത്തൻ ജ്ഞാനതപസ്വി സമ്മാനങ്ങൾ വിതരണം ചെയ്തു. സി.ആർ.പി.എഫ്. ഡെപ്യൂട്ടി കമാൻഡന്റ് സജീവ്.എസ് മുഖ്യാതിഥിയായിരുന്നു.



*ശാന്തിഗിരി ഗൃഹസ്ഥാശ്രമസംഘം സ്നേഹപുരം യൂണിറ്റ് പ്രാർത്ഥനായോഗം*

## എച്ച്.ആർ. വാർത്തകൾ

ഒക്ടോബർ 24 ന് ചേർന്ന ഡയറക്ടർ ബോർഡ് തീരുമാന പ്രകാരം ഇനി പറയുന്ന ഗുരുധർമ്മപ്രകാശസഭ അംഗങ്ങളുടെ ചുമതലയിൽ മാറ്റം വരുത്തുവാൻ തീരുമാനിച്ചു. സർവാദരണീയ ജനനി നവപ്രിയ ജ്ഞാന തപസ്വിനിയ്ക്ക് ശാന്തിഗിരി ഗുരുമഹിമയുടെ അധിക ചുമതലയും ആദരണീയ സ്വാമി പ്രണവശുദ്ധൻ ജ്ഞാനതപസ്വിക്ക് നിലവിലുള്ള ചുമതലകൾക്ക് പുറമെ എജ്യൂക്കേഷൻ ഡിപ്പാർട്ട്മെന്റിന്റെ മുഖ്യ ചുമതലയും നല്കി. ആദരണീയ ജനനി രേണുരൂപ ജ്ഞാന തപസ്വിനിയെ ശാന്തിഗിരി ഗുരുമഹിമ ഇൻചാർജ് (അഡ്മിനിസ്ട്രേഷൻ) ആയും ആദരണീയ ജനനി പ്രമീള ജ്ഞാന തപസ്വിനിയെ ശാന്തിഗിരി ഗൃഹസ്ഥാശ്രമസംഘം ഇൻചാർജ് (അഡ്മിനിസ്ട്രേഷൻ) ആയും നിയമിച്ചു.



*ശാന്തിഗിരി വിദ്യാഭവൻ സീനിയർ സെക്കന്ററി സ്കൂൾ കലോത്സവത്തിലെ വിജയികൾക്ക് സിആർപിഎഫ് ഡെപ്യൂട്ടി കമാൻഡന്റ് എസ്. സജീവ് സമ്മാനങ്ങൾ വിതരണം ചെയ്യുന്നു*

## റേഷൻ കാർഡ്: ലിസ്റ്റ് പ്രസിദ്ധീകരിച്ചു

**പിരപ്പൻകോട്:** ഭക്ഷ്യസുരക്ഷാ നിയമപ്രകാരം പുതുക്കിയ റേഷൻ കാർഡിന്റെ *പ്രയോറിറ്റി* ലിസ്റ്റ് പ്രസിദ്ധീകരിച്ചു. ആക്ഷേപമുള്ളവർക്ക് പഞ്ചായത്ത്/വില്ലേജ് ഓഫീസുകളുമായി ബന്ധപ്പെട്ട് നവംബർ അഞ്ചിന് മുൻപ് പരാതി നല്കാവുന്നതാണ്.




*സേഫ്റ്റി ഡിപ്പാർട്ട്മെന്റ് ലൈഫ് ജാക്കറ്റ് പ്രദർശനം*

## ഡെന്റൽ ക്യാമ്പ്

**റിസർച്ച് സോൺ:** വട്ടപ്പാറ പി.എം.എസ്. കോളജ് നടത്തിയ ഡെന്റൽ ക്യാമ്പിൽ തുടർചികിത്സയ്ക്ക് തെരഞ്ഞെടുക്കപ്പെട്ടവർക്കായുള്ള ക്യാമ്പ് ഒക്ടോബർ 31 ന് രാവിലെ 9.30 ന് റിസർച്ച് സോൺ ഗസ്റ്റ് ഹൗസ് നമ്പർ 3 –ൽ വച്ച് നടക്കും. ബന്ധപ്പെടേണ്ട നമ്പർ: **8111875007**

## 'ലേഖനങ്ങൾ അയയ്ക്കാം'

**ഹെൽത്ത്കെയർ സോൺ:** ആദ്ധ്യാത്മിക മാസികയിലേക്ക് ലേഖനങ്ങൾ, അനുഭവക്കുറിപ്പുകൾ, കവിതകൾ, ചിത്രങ്ങൾ എന്നിവ അയക്കാവുന്നതാണ്. അയക്കേണ്ട വിലാസം: എഡിറ്റർ, കമ്യൂണിക്കേഷൻസ് ഡിപ്പാർട്ട്മെന്റ്, ശാന്തിഗിരി ആശ്രമം, ശാന്തിഗിരി പി.ഒ. ഇ മെയിൽ: comm@santhigiriashram.org ഫോൺ: **8111882134.** എഡിറ്റോറിയൽ ബോർഡ് തെരഞ്ഞെടുക്കുന്നവ മാത്രമെ പ്രസിദ്ധീകരിക്കുകയുള്ളൂ.

ഗുരുചരണം ശരണം

പ്രാർത്ഥനയോടെ
ശിവരാജൻ പി.ബി.

## നമുക്ക് ഇംഗ്ലീഷ് പഠിക്കാം

**ഇ.വി. ആൻഡ്രൂസ്** M.A.
ഇംഗ്ലീഷ് ട്രെയിനർ, സ്നേഹം, പോത്തൻകോട്

### Parts of Speech

ഇംഗ്ലീഷ് ഭാഷയിലെ 1.5 ലക്ഷത്തോളം വരുന്ന വാക്കുകളെ എട്ട് വിഭാഗങ്ങളായി തിരിച്ചിരിക്കുന്നു. അവയാണ് Parts of Speech- വാചകത്തിന്റെ ഭാഗങ്ങൾ. ഇവ കൂടാതെ മൂന്ന് വാക്കുകൾ- അവയാണ് Articles (ഭേദകങ്ങൾ). A,An, The.

**Noun**
വ്യക്തിയുടെ വസ്തുവിന്റെ - Noun സ്ഥലത്തിന്റെ അല്ലെങ്കിൽ ഗുണത്തിന്റെ പേര് (Gopi, Beauty)

**Adjective**
നാമത്തെ വിശേഷിപ്പിക്കുന്നു (Beautiful)

**Pronoun**
നാമത്തിനു പകരം നില്കുന്നു (He)

**Verb**
പ്രവർത്തിയെ അല്ലെങ്കിൽ അവസ്ഥയെ സൂചിപ്പിക്കുന്നു (Sing, Is)

**Adverb**
ക്രിയയെ വിശേഷിപ്പിക്കുന്നു (Fast)

**Preposition**
ഒരു വസ്തുവുമായുള്ള ബന്ധത്തെ സൂചിപ്പിക്കുന്നു. (In, Or)

**Conjunction**
വാക്കുകളെയോ വാചകങ്ങളെയോ ബന്ധിപ്പിക്കുന്നു (And)

**Interjection**
അത്ഭുതം, ആഹ്ലാദം, ദു:ഖം എന്നിവ പ്രകടിപ്പിക്കാൻ (Alas)




*ശാന്തിഗിരി വിദ്യാഭവൻ സീനിയർ സെക്കൻഡറി സ്കൂൾ കലോത്സവത്തിൽ നിന്ന്*



*അരുണാചൽ പ്രദേശ് ആരോഗ്യമന്ത്രി ജോംദെ കെനയെ സ്വാമി വന്ദനരൂപൻ ജ്ഞാനതപസ്വി സന്ദർശിച്ചപ്പോൾ. ഹരീഷ് റാം സമീപം*



*ശാന്തിഗിരി ശാന്തിമഹിമയുടെ ജനസേവികപുരം യൂണിറ്റ് മീറ്റിംഗ്*



*ശാന്തിഗിരി വിദ്യാഭവൻ ഹയർ സെക്കൻഡറി സ്കൂൾ സ്പോർട്സ് ഡേ*



*ശാന്തിമഹിമ ജ്യോതിപുരം, കരുണപുരം, ശാന്തിപുരം യൂണിറ്റുകളുടെ സംയുക്ത മീറ്റിംഗിൽ നിന്ന്*

# വിദ്യാഭവനിൽ സ്പോർട്സ് ഡേ

**എജ്യൂക്കേഷൻ സോൺ:** ശാന്തിഗിരി വിദ്യാഭവൻ ഹയർ സെക്കൻഡറി സ്കൂളിൽ ഒക്ടോബർ 28 ന് സ്പോർട്സ് ഡേ നടന്നു. സിആർപിഎഫ് ഡെപ്യൂട്ടി കമാന്റന്റ് സജീവ് എസ്. ഉദ്ഘാടനം ചെയ്തു. എജ്യൂക്കേഷൻ ഡിപ്പാർട്ടമെന്റ് ഇൻ ചാർജ് ആദരണീയ സ്വാമി പ്രണവശുദ്ധൻ ജ്ഞാനതപസ്വി, സ്കൂൾ പ്രിൻസിപ്പൽ ആദരണീയ ജനനി കൃപ ജ്ഞാനതപസ്വിനി, വൈസ് പ്രിൻസിപ്പൽ ശ്രീജിത്ത് എസ്.വി. തുടങ്ങിയവർ സംബന്ധിച്ചു.

## ഗുരുമഹിമ മീറ്റിംഗ് ഇന്ന്

**സ്പിരിച്വൽ സോൺ:** ആശ്രമ പരിസരത്തുള്ള ഗുരുമഹിമ പ്രവർത്തകരുടെയും അമ്മമാരുടെയും യോഗം ഒക്ടോബർ 30 ന് രാവിലെ പത്തു മണിക്ക് ശാന്തിഗിരി വിദ്യാഭവൻ സീനിയർ സെക്കന്ററി സ്കൂളിൽ വച്ച് നടക്കും. സർവാദരണീയ ജനനി നവപ്രിയ ജ്ഞാനതപസ്വിനി അദ്ധ്യക്ഷത വഹിക്കും.

## ദേശീയ ആയുർവേദ ദിനാചരണം

**തിരുവനന്തപുരം:** ഒക്ടോബർ 28 ന് ദേശീയ ആയുർവേദ ദിനമായി ആചരിച്ചു. ധന്വന്തരിജയന്തിയാണ് ആയുർവേദ ദിനമായി ആഘോഷിക്കുന്നത്. തിരുവനന്തപുരത്ത് സെൻട്രൽ സ്റ്റേഡിയത്തിൽ നടന്ന സംസ്ഥാനതല ഉദ്ഘാടനം മുഖ്യമന്ത്രി പിണറായി വിജയൻ നിർവഹിച്ചു. ആയുർവേദ ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുമെന്ന് മുഖ്യമന്ത്രി അറിയിച്ചു. ദേശീയ ആയുഷ് മിഷൻ, ഭാരതീയ ചികിത്സാ വകുപ്പ്, ആയുർവേദ വിദ്യാഭ്യാസവകുപ്പ്, ആയുർവേദ മെഡിക്കൽ അസോസിയേഷൻ ഓഫ് ഇന്ത്യ തുടങ്ങിയവയുടെ ആഭിമുഖ്യത്തിലാണ് ആഘോഷ പരിപാടികൾ സംഘടിപ്പിച്ചത്. ദിനാചരണത്തിന്റെ ഭാഗമായി ശാന്തിഗിരിയും മാതൃഭൂമിയും സംയുക്തമായി തിരുവനന്തപുരത്ത് ആയുർവേദ സെമിനാർ സംഘടിപ്പിച്ചിരുന്നു.

## കുങ്ഫു ടെസ്റ്റ് ഇന്ന്

**ഹെൽത്ത്കെയർ സോൺ:** ശാന്തിഗിരി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാർഷൽ ആർട്സിൽ പരിശീലിക്കുന്നവർ ഉൾപ്പെടെ കേരളത്തിലെ വിവിധ ജില്ലകളിൽ നിന്നുള്ള കുങ്ഫു പരിശീലന വിദ്യാർത്ഥികളുടെ യോഗ്യതാ ടെസ്റ്റ് ഇന്ന് ശാന്തിഗിരി സിദ്ധ മെഡിക്കൽ കോളജ് ഓഡിറ്റോറിയത്തിൽ വച്ച് നടക്കും.

രാവിലെ എട്ടു മണി മുതൽ നടക്കുന്ന ടെസ്റ്റിൽ വിജയികളാകുന്നവർക്ക് വിവിധ ഗ്രേഡിലുള്ള ബെൽറ്റുകൾ ലഭിക്കുന്നതാണ്. ഗ്രാൻഡ് മാസ്റ്റർ ദിലീപ് ജി. യുടെ നേതൃത്വത്തിൽ വിവിധ ജില്ലകളിൽ നിന്നുള്ള കുങ്ഫു മാസ്റ്റർമാരുടെ മേൽനോട്ടത്തിലാണ് യോഗ്യതാ ടെസ്റ്റ് സംഘടിപ്പിച്ചിരിക്കുന്നത്.

## ബി.എസ്.എം.എസ്. സീറ്റൊഴിവ്

**ഹെൽത്ത്കെയർ സോൺ:** ശാന്തിഗിരി സിദ്ധ മെഡിക്കൽ കോളജിൽ 2016-17 അദ്ധ്യയന വർഷത്തെ ബി.എസ്.എം.എസ്. കോഴ്സിലേക്ക് ഏതാനും സീറ്റുകൾ ഒഴിവുണ്ട്. വിവരങ്ങൾക്കായി ബന്ധപ്പെടേണ്ട നമ്പർ- **8111882281, 8111882284.**




*സുകൃതം പദ്ധതി സംബന്ധിച്ച് മമ്മൂട്ടിയുടെ ഫേസ്ബുക്ക് പോസ്റ്റ്. ഒക്ടോബർ 28, വെള്ളി*



Printed and published by Swami Chaithanya Jnana Thapaswi, Chief Editor, on behalf of Santhigiri Ashram, Thiruvananthapuram-695589. For private circulation only.
**Editorial Head:** Janani Divya Jnana Thapaswini **Editor:** T. Sasimohan **Senior Co-ordinating Editor:** Anil Cherthala